Malayala Manorama
മലയാള മനോരമ

**IFGTB ENVIS observed the International Day for the Conservation of the Mangrove Ecosystem**

29.07.2020,

# കണ്ടൽവനം നശിക്കുന്നത് 5 മടങ്ങ് വേഗത്തിൽ: എൻവിസ്

കോയമ്പത്തൂർ • ഒരു ഹെക്ടർ കണ്ടൽക്കാട് പരിസ്ഥിതിക്ക് ആഗോളതലത്തിൽ 1,94,000 ഡോളറിനു തുല്യമായ സംഭാവനയാണ് നൽകുന്നതെന്നു കോയമ്പത്തൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനിറ്റിക്സ് ആൻഡ് ട്രീബ്രീഡിങ്(എൻവിസ്) കണ്ടൽദിനാചരണ ചർച്ചയിൽ വിലയിരുത്തി.

വനം ഇല്ലാതാകുന്നതിന്റെ 5 മടങ്ങ് വേഗത്തിലാണു കണ്ടൽക്കാടുകൾ നശിക്കുന്നതെന്നും വിദഗ്ധർ വ്യക്തമാക്കി. എൻവിസ് ഡയറക്ടർ ഡോ.സി.കുഞ്ഞികൃഷ്ണൻ പരിപാടി ഉദ്ഘാടനം ചെയ്തു. സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റും എൻവിസ് കോ-ഓർഡിനേറ്ററുമായ ഡോ. കണ്ണൻ വാരിയർ കലാവസ്ഥ വ്യതിയാനം ചെറുക്കുന്നതിൽ കണ്ടലുകളുടെ കാർബൺ ശേഖരണം എങ്ങനെ സഹായിക്കുന്നുവന്ന് വിശദീകരിച്ചു.ആഗോളതലത്തിൽ ഈ കാടുകളുടെ വിസ്തീർണം 1.04 ദശലക്ഷം ഹെക്ടറാണ് കുറഞ്ഞത്.ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യയുടെ റിപ്പോർട്ടനുസരിച്ച് ഇന്ത്യയിൽ 54 ചതുരശ്ര കിലോമീറ്റർ വർധിക്കുകയാണ് ചെയ്തത്.ഗുജറാത്തിലാണ് കൂടുതൽ പ്രദേശം.

കേരളത്തിൽ ഒൻപതു ചതുരശ്ര കിലോമീറ്റർ കണ്ടൽ വനമുണ്ട്. കണ്ടലുകളുടെ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ഡിജിറ്റൽ പോസ്റ്ററുകളും എൻവിസ് പുറത്തിറക്കി.